**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** **24-08-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ എം നൗഷാദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ ദരിദ്രരില്ലാത്ത സംസ്ഥാനമാക്കി തീർക്കുന്നതിൽ ക്ഷേമ പെൻഷനുകളുടെ പ്രാധാന്യം കണക്കിലെടുത്ത് എത്ര പേർക്ക് വിവിധ ക്ഷേമപെൻഷനുകൾ നൽകിവരുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | 2022 ജൂൺ മാസത്തെ കണക്ക് പ്രകാരം 5,013,085 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡിലെ 669,936 ഗുണഭോക്താക്കൾക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്. 2022 ജൂലൈ, ആഗസ്റ്റ് മാസത്തെ പെൻഷനുകൾ 2022 ആഗസ്റ്റ് 20-നു ശേഷം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കായിക യുവജന ക്ഷേമവകുപ്പ് മുഖേന നൽകുന്ന സർക്കസ് കലാകാര പെൻഷൻ 1297 ഗുണഭോക്താക്കൾക്കും, അവശ കായികതാര പെൻഷൻ 190 ഗുണഭോക്താക്കൾക്കും, സാംസ്കാരിക വകുപ്പ് മുഖേന കലാകാര പെൻഷൻ 2666 ഗുണഭോക്താക്കൾക്കും ചലച്ചിത്ര അക്കാഡമി വിതരണം ചെയ്യുന്ന അവശകലാകാര പെൻഷൻ 216 പേർക്കും സർക്കാർ നൽകി വരുന്നു. ഇതിനു പുറമെ, തനതു ഫണ്ടുപയോഗിച്ചു പെൻഷൻ നൽകുന്ന വിവിധ ക്ഷേമനിധി ബോർഡിലെ 413,649 ഗുണഭോക്താക്കൾക്കും ക്ഷേമ പെൻഷൻ നൽകി വരുന്നു. ഇതിനു പുറമേ കാൻസർ പോലുള്ള വിവിധ രോഗങ്ങൾ ബാധിച്ചവർക്കും മാസംതോറും ധനസഹായം നൽകിവരുന്നു. |
| (ബി) | അർഹതപ്പെട്ടവർക്കെല്ലാം കൃത്യസമയത്ത് സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാക്കാൻ ഈ സർക്കാരിനായിട്ടുണ്ടോ; ഇതിനായി കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം കാര്യക്ഷമവും സുഗമവുമാക്കുക എന്ന ലക്ഷ്യം ലാക്കാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് രൂപീകരിച്ചിരുന്നു. കമ്പനിയുടെ പ്രവർത്തന ഫലമായി വളരെ പ്രതികൂല സാമ്പത്തിക പരിതസ്ഥിതിയിലും മാസം തോറും കൃത്യമായി പെൻഷൻ വിതരണം നടത്തുവാൻ ഒരു പരിധി വരെ സർക്കാരിന് സാധിച്ചിട്ടുണ്ട്. പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ടി കമ്പനിയുടെ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | സർക്കാർ നിയോഗിച്ചിട്ടുള്ളവർ ഉൾപ്പെടുന്ന ഡയറക്ടർ ബോർഡ് വിലയിരുത്തുകയും ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിവിധ സ്കീമുകൾക്കായി മുൻവർഷം 1.86 ലക്ഷം കോടി രൂപ വായ്പയെടുത്ത കേന്ദ്ര സർക്കാർ കെ.എസ്.എസ്.പി.എൽ.-ന് സർക്കാർ നൽകുന്ന ഗ്യാരന്റി സംസ്ഥാനത്തിന്റെ പൊതുകടമായി കണക്കാക്കുമെന്ന നിലപാട് സ്വീകരിക്കുന്നത് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെയും ക്ഷേമ പ്രവർത്തനങ്ങളെയും ദുർബലപ്പെടുത്താനുള്ള ആസൂത്രിത നീക്കമായി കണക്കാക്കുന്നുണ്ടോ; | (സി) | സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. നടപ്പ സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടി രൂപ മാത്രമേ പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുള്ളൂ. 2021-22 സാമ്പത്തിക വർഷം (കിഫ്ബി, പെൻഷൻ കമ്പനി എന്നിവ) Off Budget borrowing - ആയി എടുത്തിട്ടുണ്ട് എന്ന തെറ്റായ വാദം ഉന്നയിച്ച് 14,312.80 കോടി രൂപ നാല്യ തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും, പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022 ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ചുള്ള വിവരങ്ങൾ ഇതിനകം തന്നെ സംസ്ഥാന സർക്കാർ കേന്ദ്രധനകാര്യ മന്ത്രാലയത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് 22.07.2022-ലെ 134/2022/എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.<br><br>ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ |

| | | | |
|---|---|---|---|
| | | | വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന് ഇടവരുത്തുകയും ചെയ്യും. ക്ഷേമ പ്രവർത്തനങ്ങളെയും ഇത് സാരമായി ബാധിക്കും. |
| (ഡി) | ഇത്തരം സാമ്പത്തിക ഞെരുക്കലിനെ അതിജീവിച്ചുകൊണ്ട് സംസ്ഥാനത്തെ ക്ഷേമ, വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | വിവിധങ്ങളായ പ്രതികൂല സാമ്പത്തിക സാഹചര്യങ്ങൾക്കിടയിലും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള നടപടികളിലൂടെ സംസ്ഥാനത്തെ ക്ഷേമ, വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ